പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1304

31/10/2019-ൽ മറുപടിയ്ക്ക്

**ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായുള്ള നിർവ്വഹണ പ്രവർത്തനങ്ങൾ**

| ചോദ്യം<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) ഹരിപ്പാട് മണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങളെയാണ് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഹൈടെക് സ്കൂൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എട്ടു മുതൽ പന്ത്രണ്ടു വരെയുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ ക്ലാസ്സ് മുറികളും ഹൈടെക് ആക്കുന്ന പദ്ധതിയാണ് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ നേതൃത്വത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഹരിപ്പാട് മണ്ഡലത്തിൽ ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കിയ സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) എത്ര കോടി രൂപയുടെ പദ്ധതികളാണ് ഇതിന്റെ ഭാഗമായി പ്രസ്തുത വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) ഹൈടെക് സ്കൂൾ പദ്ധതിയ്ക്കായി ആകെ 493.5 കോടി രൂപയാണ് കിഫ്ബി അനുവദിച്ചിട്ടുള്ളത്. ഹൈടെക് സ്കൂൾ പദ്ധതിയിൽ ഉൾപ്പെടുത്തി 2.5 കോടി രൂപയുടെ ഐ.സി.ടി ഉപകരണങ്ങൾ ഹരിപ്പാട് മണ്ഡലത്തിലെ സ്കൂളുകളിൽ ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്. ക്ലാസ് മുറികളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെറ്റ് വർക്കിങ്ങ്, സ്കൂളുകൾക്കുള്ള ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ഷൻ, പുതുതായി ഡിജിറ്റൽ പഠന വിഭവങ്ങൾ, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുള്ള പ്രത്യേക പരിശീലനങ്ങൾ തുടങ്ങിയവയ്ക്കുള്ള തുക വരുംവർഷങ്ങളിലേയ്ക്കും ചെലവഴിക്കുന്നതാണ്. |
| (സി) പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥയെന്തെന്ന് വ്യക്തമാക്കുമോ; നിർവ്വഹണ പ്രവർത്തനങ്ങൾ ഈ സ്കൂളുകളിൽ കാര്യക്ഷമമായി നടക്കുന്നുണ്ടോ, ഇല്ലെങ്കിൽ | (സി) സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രമാക്കുന്നതിന് നടപ്പിലാക്കുന്ന ഹൈടെക് സ്കൂൾ പദ്ധതി പ്രകാരം എട്ടു മുതൽ പന്ത്രണ്ടു വരെ ക്ലാസ്സുകളുള്ള എല്ലാ സർക്കാർ എയ്ഡഡ് സ്കൂളിലേയും ക്ലാസ് മുറികളിലേയ്ക്ക് ലാപ് ടോപ്പ്, മൾട്ടീമീഡിയ പ്രോജക്ടർ, പ്രൊജക്ടർ മൗണ്ട് ചെയ്യുന്നതിനുള്ള മൗണ്ടിംഗ് കിറ്റ്, വൈറ്റ് സ്ക്രീൻ, |

| | | |
|---|---|---|
| | അതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ; | യു.എസ്.ബി സ്പീക്കർ, ഫേസ് പ്ലേറ്റ്, HDMI കേബിൾ, അതിവേഗ ഇന്റർനെറ്റ് സൗകര്യം എന്നിവ ലഭ്യമാക്കി. സ്കൂളിന് പുതുതായി ഉപയോഗിക്കുന്നതിന് ഡി.എസ്.എൽ.ആർ ക്യാമറ, വെബ് ക്യാം ടെലിവിഷൻ, മൾട്ടി ഫങ്ഷൻ പ്രിന്റർ എന്നിവ ലഭ്യമാക്കി. ഉപകരണങ്ങൾക്കൊപ്പം ഡിജിറ്റൽ സംവിധാനങ്ങൾ ഉപയോഗിച്ചുള്ള പാഠ്യപ്രവർത്തനങ്ങൾക്ക് 'സമഗ്ര' വിഭവ പോർട്ടലും ഉപയോഗിക്കുന്നുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ ഉറപ്പു വരുത്തുന്നതിന് പ്രത്യേക പരിശീലനം അദ്ധ്യാപകർക്കും തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്കും നൽകുന്നുണ്ട്.<br>ഹൈടെക് സ്കൂൾ പദ്ധതി പ്രവർത്തനങ്ങൾ മണ്ഡലത്തിലെ സ്കൂളുകളിലും ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള എല്ലാ ക്രമീകരണങ്ങളും ഒരുക്കിയിട്ടുണ്ട്. |
| (ഡി) | ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായുള്ള നിർവ്വഹണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായുള്ള മിക്ക പ്രവർത്തനങ്ങളും മണ്ഡലത്തിലുൾപ്പെടെ സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ , ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലും ഏകദേശം പൂർത്തിയാക്കി, 2019 നവംബറിൽ പദ്ധതി പൂർത്തീകരിക്കുന്നതിന്റെ നടപടി സ്വീകരിച്ചു വരുന്നു. |

Namitha P

**സെക്ഷൻ ഓഫീസർ**

ഭരണാനുകൂലം

## ASSEMBLY CONSTITUENCY : HARIPPAD

| Slno | School Code | Type | School Name |
|---|---|---|---|
| 1 | 35025 | AHS | C. K. H. S. Cheppad |
| 2 | 35026 | AHS | Naduvattom V. H. S. S. Pallippad |
| 3 | 35027 | GHS | Govt. B. H. S. S. Harippad |
| 4 | 35028 | GHS | Govt. H. S. S. Ayaparambu |
| 5 | 35029 | GHS | Govt. G. H. S. S. Harippad |
| 6 | 35034 | AHS | St. Thomas H.S.S Karthikappally |
| 7 | 35041 | GHS | Govt. H. S. S. Mangalam |
| 8 | 35045 | AHS | K. V. Skt. H. S. S. Muthukulam |
| 9 | 35046 | AHS | B. B. G. H .S. Nangiarkulangara |
| 10 | 35048 | AHS | K. K. K .V .M. H. S. S. Pothappally |
| 11 | 35061 | GHS | Govt. H. S. S.Valiazheekal |
| 12 | 35063 | AHS | S.N.Trust H. S. S. Pallippad |
| 13 | 35501 | GHS | TECHNICAL HS HARIPPAD |
| 14 | 4004 | GHSS | GOVT MBHSS, HARIPPAD, ALAPPUZHA |
| 15 | 4019 | GHSS | GOVT HSS,MANGALAM,ALAPPUZHA |
| 16 | 4023 | GHSS | GOVT GIRLS HSS,HARIPPAD,ALAPPUZHA |
| 17 | 4038 | AHSS | N S S HSS, KARUVATTA, ALAPPUZHA |
| 18 | 4070 | AHSS | KV SANSKRIT HSS,MUTHUKULAM,ALAPPUZHA |
| 19 | 4101 | GHSS | GOVT. HSS, VALIAZHEEKAL ALAPPUZHA |
| 20 | 4103 | AHSS | SN TRUST HSS, PALLIPPAD, ALAPPUZHA |
| 21 | 4116 | AHSS | CKHSS, Cheppad |
| 22 | 4118 | AHSS | St.Thomas HSS, Karthikappally |
| 23 | 4122 | AHSS | KKK VM HSS, Pothappally |
| 24 | 4125 | AHSS | MKAM HSS Pallana |
| 25 | 903017 | AVHSS | Naduvattom VHSS Naduvattom |
| 26 | 35035 | AHS | S. N. D. P. H. S. Mahadevikad |
| 27 | 35054 | AHS | M. K. A. M. H. S. Pallana |
| 28 | 4020 | GHSS | GOVT HSS, AYAPARAMBU, CHERUTHANA, ALAPPUZHA |
| 29 | 35036 | AHS | N. S. S H. S. S. Karuvatta |
| 30 | 35044 | AHS | V. H. S. S. Muthukulam |
| 31 | 35053 | AHS | N. S. S. G. H. S. Karuvatta |
| 32 | 4073 | AHSS | SAMAJAM HSS,MUTHUKULAM,ALAPPUZHA |

Namitha. P
സെക്ഷൻ ഓഫീസർ